# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

**ഹാജർ : ശ്രീ. കെ. നസീർ (മെമ്പർ)**

തീയതി : 22.02.2021

## സി.ആർ.എം.പി.നമ്പർ : 5197/01-R/$C_1$/2019/KeSCPCR

ഹർജിക്കാരൻ : മുഹമ്മദ് ഷാഫി മൗലവി,
മർഹബാ ഹൗസ്,
പള്ളിക്കൽ, തിരുവനന്തപുരം.

എതിർകക്ഷികൾ : 1. ഗവൺമെന്റ് സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. ഡയറക്ടർ,
വനിതാ-ശിശു വികസന വകുപ്പ്, പൂജപ്പുര,
തിരുവനന്തപുരം - 695 012.

3. ജില്ലാ പോലീസ് മേധാവി,
തിരുവനന്തപുരം റൂറൽ.

4. ജില്ലാ ശിശു സംരക്ഷണ ഓഫീസർ,
ജില്ലാ ശിശു സംരക്ഷണ ഓഫീസ്,
1st Floor, സാമൂഹ്യനീതി വകുപ്പ് (അനെക്സ്)
പൂജപ്പുര, തിരുവനന്തപുരം - 695 012.

5. മാനേജർ,
ഹിദായത്തുൽ ബനാത്ത് തർബിയത്ത്
സെന്റർ, പള്ളിക്കൽ,
വർക്കല, തിരുവനന്തപുരം.

## <u>ഉത്തരവ്</u>

1) തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 11-ാം വാർഡിൽ പ്രവർത്തിക്കുന്ന ഹിദായത്തുൽ ബനാത്ത് തർബിയത്ത് സെന്റർ എന്ന പേരിൽ പെൺകുട്ടികൾക്ക് മാത്രമായുള്ള ഒരു മത പഠനശാല പ്രവർത്തിച്ചു വരുന്നതായും വേണ്ടത്ര യോഗ്യതയില്ലാത്ത അദ്ധ്യാപകരാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നതെന്നും കുട്ടികൾക്ക് ആരോഗ്യപരവും ശിശുസൗഹാർദ്ദപരവുമായ അന്തരീക്ഷം സ്ഥാപനത്തിലില്ലെന്നും മതപഠനത്തിനെത്തുന്ന കുട്ടികളുടെ ബാലാവകാശങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ നിഷേധിക്കപ്പെടുന്നതായും ആവശ്യത്തിന് ശൗചാലയമോ താമസ സൗകര്യങ്ങളോ സ്ഥാപനത്തിനില്ലെന്നും കുട്ടികളെ കൊണ്ടാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യിക്കുന്നതെന്നും കുട്ടികളെ ചൂരൽ വടി കൊണ്ട് അടിക്കുന്നതായും കുട്ടികൾക്ക് അവരുടെ പരാതികൾ പറയുന്നതിനോ ആയത് പരിഹരിക്കുന്നതിനോ ആവശ്യമായ സംവിധാനങ്ങൾ സ്ഥാപനത്തിൽ ഇല്ലെന്നും ആയതിനാൽ മേൽ സ്ഥാപനത്തെ സംബന്ധിച്ച് അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ചാണ് മേൽ ഹർജി ബോധിപ്പിച്ചത്.

2) ഹർജി ഫയലിൽ സ്വീകരിച്ച കമ്മീഷൻ 1, 2, 3 എതിർകക്ഷികളിൽ നിന്നും റിപ്പോർട്ട് തേടുകയും എതിർകക്ഷികൾ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

3) മേൽ കാര്യത്തിൽ 3-ാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ, മതപഠനശാല യിൽ കുട്ടികൾ ശുചിത്വവും ആരോഗ്യകരമായ മതിയായ അടിസ്ഥാന സൗകര്യ ങ്ങളിലുമാണ് കഴിയുന്നതെന്നും അത്യാവശ്യ ശുചീകരണ പ്രവൃത്തികളിൽ കുട്ടികൾ ഏർപ്പെടുന്നുണ്ടെന്നും ആയത് അവരുടെ സ്വഭാവ രൂപീകരണത്തിന് ഉതകുമെന്നും മറ്റ് ജോലികളൊന്നും കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നതായി വെളിവായിട്ടില്ലെന്നും മതവിദ്യാഭ്യാസം മഹത്തായ കാര്യമാണെങ്കിലും നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർ അവരെ പഠിപ്പിക്കുന്നില്ല എന്നതും അവരുടെ മൊത്തം പഠന വിഷയങ്ങളുടെ പരിശീലനത്തിനുമായി ആകെ മൂന്നു ട്യൂഷൻ ടീച്ചർമാർ മാത്രമാണ് സ്ഥാപനത്തിലുള്ളതെന്നും സമപ്രായക്കാരായ കുട്ടികൾ സന്തോഷകരമായി ഉത്സാഹത്തോടെ സ്കൂളിലേക്ക് പോകുമ്പോൾ അതിന് കഴിയാതെ ഒരു വീടിന്റെ മതിൽ കെട്ടിനുള്ളിൽ കുട്ടികൾ കഴിയുന്നത് ഒരർത്ഥ ത്തിൽ ബാലാവകാശ ലംഘനമായി കണക്കാക്കാവുന്നതാണെന്നും ബോധിപ്പി ക്കുകയുണ്ടായി.

4) മേൽ കാര്യത്തിൽ 4-ാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ, 6 വയസ്സിനും 14 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥയുള്ള തിനാൽ സ്ഥാപനത്തിലുള്ള 14 വയസ്സിന് താഴെ പ്രായമുള്ള 9 കുട്ടികളെ സ്ഥിരമായി സ്കൂളിൽ അയച്ചു പഠിപ്പിക്കാത്തതിനാൽ കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും തുടർന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി കുട്ടികളെ സ്ഥിരമായി സ്കൂളിൽ അയച്ചു പഠിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചതായും ബോധിപ്പിക്കുകയുണ്ടായി.

5) തുടർന്ന് കമ്മീഷൻ അന്വേഷണത്തിന്റെ ഭാഗമായി ഹർജിക്കാരന് കമ്മീഷൻ മുമ്പാകെ വിചാരണയ്ക്ക് ഹാജരാകാൻ നോട്ടീസ് നൽകിയെങ്കിലും

ഹർജിക്കാരൻ ഹാജരായില്ല. കമ്മീഷൻ മുമ്പാകെ 3, 4 എതിർകക്ഷികൾ സമർപ്പിച്ച റിപ്പോർട്ടിൽ സ്ഥാപനത്തിൽ മറ്റു ബാലാവകാശ ലംഘനങ്ങൾ നടന്നതായി ബോധിപ്പിച്ചിട്ടില്ലാത്തതിനാൽ മേൽ കേസിൽ പ്രത്യേക ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

6) എന്നാൽ കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലുകളും താമസ സ്ഥലങ്ങളും ശിശു സൗഹൃദമാക്കേണ്ടതും അടിസ്ഥാനപരമായ ബാലാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുമാണ്. ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളും ഓർഫൻ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ താമസിക്കുന്ന സ്ഥലങ്ങളും 2015 ലെ The Juvenile Justice (Care & Protection of Children) Act പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതും കൂടാതെ "ഓർഫൻ" വിഭാഗത്തിൽപ്പെട്ട കുട്ടികൾ താമസിക്കുന്ന സ്ഥലത്ത് 1960 – ലെ The Orphanages and Other Charitable Homes (Supervision and Control) Act പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതുമാണ്. ഇത്തരം രജിസ്ട്രേഷനുകൾ സ്ഥാപനങ്ങൾക്ക് നിർബന്ധമാക്കിയത് പ്രസ്തുത സ്ഥാപനത്തിൽ കഴിയുന്ന കുട്ടികളുടെ അടിസ്ഥാനപരമായ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും അതുവഴി അവരുടെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുമാണ്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനവുമായി ബന്ധപ്പെട്ടതോ മറ്റോ ആയ ഹോസ്റ്റലുകളുടെ രജിസ്ട്രേഷനോ അതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളോ ഉറപ്പ് വരുത്താൻ നിലവിൽ കേരള സംസ്ഥാനത്ത് നിയമങ്ങൾ നിലവിലില്ല. അതുകൊണ്ട് തന്നെ അത്തരം സ്ഥാപനങ്ങൾക്ക് പാലിക്കേണ്ട സൗകര്യങ്ങളും അതിൽ താമസിക്കുന്ന കുട്ടികളുടെ സുരക്ഷയും സംരക്ഷണവും യഥാവിധി ഉറപ്പാക്കാനാകുന്നില്ല. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളുടെ സുരക്ഷിതത്വവും അടിസ്ഥാന ബാലാവകാശങ്ങൾ ഉറപ്പാക്കുന്നതിനും ഹോസ്റ്റലുകളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച നിയമ നിർമ്മാണം കൊണ്ടു വരണമെന്ന് കമ്മീഷൻ കരുതുന്നു.

7) Tamil Nadu Hostels and Homes for Women and Children (Regulation) Act, 2014 എന്ന പേരിൽ തമിഴ്നാട് സർക്കാർ ഒരു നിയമം കൊണ്ടു വന്നിട്ടുള്ളതും ആയത് ഹോസ്റ്റലുകളുടെ നിരീക്ഷണം നടത്തുന്നതിന് ഉപകരിക്കുന്ന തരത്തിലുള്ളതുമാണ്. അത്തരത്തിലുള്ള ഒരു നിയമ നിർമ്മാണം കേരള സംസ്ഥാനത്തും ഉചിതമായിരിക്കും. കൂടാതെ 2018 – ൽ Regulatory Guidelines for Hostels of Educational Institution for Children എന്ന പേരിൽ ഒരു മാർഗ്ഗരേഖ ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ കൊണ്ടു വന്നിട്ടുള്ളതും ഹോസ്റ്റലുകളിൽ പാലിക്കേണ്ട നടപടികളും സൗകര്യങ്ങളും കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച അടിസ്ഥാന മാനദണ്ഡങ്ങളുമെല്ലാം പ്രസ്തുത മാർഗ്ഗരേഖയിൽ വിവരിക്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ അന്തസത്ത ഉൾക്കൊണ്ട് കൃത്യമായ മാർഗ്ഗരേഖ സംസ്ഥാനത്ത് ഉണ്ടാക്കേണ്ടതുണ്ടെന്ന് കമ്മീഷൻ കരുതുന്നു. സംസ്ഥാന സർക്കാരിന് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ മാർഗ്ഗരേഖ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാവുന്നതാണ്.

8) മേൽ വിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ, 2005 – ലെ ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ നിയമത്തിലെ 15–ാം വകുപ്പ് പ്രകാരം താഴെപ്പറയും ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

***(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതും അല്ലാത്തതുമായ കുട്ടികൾ താമസിക്കുന്ന മുഴുവൻ ഹോസ്റ്റലുകളും നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പ്രസ്തുത ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളുടെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഹോസ്റ്റലുകളുടെ രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിനും Tamil Nadu Hostels and Homes for Women and Children (Regulation) Act, 2014 എന്ന നിയമത്തിന്റെ മാതൃകയിലോ മറ്റോ ഒരു നിയമ***

*നിർമ്മാണം കൊണ്ടു വരുന്നതിനാവശ്യമായ നടപടി 1, 2 എതിർകക്ഷികൾ സ്വീകരിക്കണമെന്ന് ഇതിനാൽ ശുപാർശ ചെയ്യുന്നു.*

*(ബി) മേൽ പ്രകാരം ഹോസ്റ്റലുകളുടെ രജിസ്ട്രേഷനും നിരീക്ഷണവും ഉറപ്പാക്കുന്നതിന് നിയമ നിർമ്മാണം കൊണ്ടു വരുന്നതിൽ കാലതാമസം എടുക്കുന്ന പക്ഷം ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ 2018 – ൽ കൊണ്ടു വന്ന Regulatory Guidelines for Hostels of Educational Institution for Children എന്ന മാർഗ്ഗരേഖ സംസ്ഥാനത്ത് നടപ്പാക്കുകയോ അല്ലെങ്കിൽ സമാനമായ മാർഗ്ഗരേഖ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണ മെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.*

മേൽ കാര്യത്തിൽ 1, 2 എതിർകക്ഷികൾ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 2012 – ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 45 പ്രകാരം 90 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
കെ. നസീർ
(മെമ്പർ)

ഉത്തരവിൻ പ്രകാരം

പി.വി. ഗീത
രജിസ്ട്രാർ